നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

# ഓൺലൈൻ ഓപ്ഷൻ സമർപ്പണം ലളിതമാക്കി

2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റിന്റെ ഭാഗമായി വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്ന പ്രക്രിയ ഓപ്ഷൻ ഫിൽറ്ററുകൾ ഉൾപ്പെടുത്തിക്കൊണ്ട് ലളിതവും വിദ്യാർത്ഥി സൗഹൃദവുമാക്കിയിട്ടുണ്ട്. മേൽ വെബ്സൈറ്റിലെ **KEAM 2017-Candidate Portal** എന്ന ലിങ്കിലൂടെ അവരവരുടെ അപേക്ഷാ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് '**Option Registration**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കീ നമ്പർ നൽകിയാൽ '**Candidate's Option Entry**', '**Filter Options**' എന്നിങ്ങനെയുള്ള ബട്ടണുകൾ ദൃശ്യമാകുന്നതാണ്. ഇതിൽ '**Filter Options**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു പ്രത്യേക സ്ട്രീമിലുള്ള/ കോഴ്സിലുള്ള കോളേജുകളോ, സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളെ വേർതിരിച്ചോ, ജില്ലാ അടിസ്ഥാനത്തിലുള്ള കോളേജുകളോ കാണാവുന്നതാണ്. ഈ ഫിൽറ്റർ സൗകര്യം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള ഓപ്ഷനുകളെ കണ്ടെത്തിയ ശേഷം '**Print Option Worksheet**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓപ്ഷൻ വർക്ക് ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ ഓപ്ഷൻ വർക്ക് ഷീറ്റ് പ്രിന്റൗട്ടിൽ വിദ്യാർത്ഥികൾ അവരുടെ ഓപ്ഷൻ മുൻഗണനാ ക്രമം രേഖപ്പെടുത്തിയ ശേഷം അതിന്റെ സഹായത്താൽ '**Candidate's Option Entry**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓപ്ഷൻ രജിസ്ട്രേഷൻ പേജിൽ പ്രവേശിച്ച് അവരവരുടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ '**Help for Option Entry**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് കാണാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഫിൽറ്റർ സൗകര്യം ആവശ്യമില്ലാത്തവർക്ക് നേരിട്ട് '**Candidate's Option Entry**'ബട്ടൺ ക്ലിക്ക് ചെയ്ത് ഓപ്ഷനുകൾ രജിസ്ട്രേഷൻ പേജിൽ പ്രവേശിച്ച് ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

ഓപ്ഷനുകൾ മുൻഗണനാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ശേഷം '**Print Option Entry Report**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് സമർപ്പിച്ച ഓപ്ഷനുകളുടെ പ്രിന്റൗട്ട് എടുക്കേണ്ടതും **ഓപ്ഷനുകൾ ശരിയായ മുൻഗണനാ ക്രമത്തിൽ** സമർപ്പിക്കപ്പെട്ടു എന്ന് വിദ്യാർത്ഥി ഉറപ്പുവരുത്തേണ്ടതുമാണ്.

തിരുവനന്തപുരം
24.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**